പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1817 12.06.2019-ലെ മറുപടിക്ക്

## കെ.എസ്.ആർ.ടി.സി. ബസ് സ്റ്റേഷനുകളിലെ പാർക്കിംഗ് ഫീസ്

ചോദ്യം | മറുപടി

ശ്രീ.ടി. വി. ഇബ്രാഹിം | ശ്രീ. എ.കെ. ശശീന്ദ്രൻ (ഗതാഗത വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് ബി.ഒ.ടി. അടിസ്ഥാനത്തിൽ നിർമ്മിച്ചിട്ടുള്ള വിവിധ കെ.എസ്.ആർ.ടി.സി . ബസ് സ്റ്റേഷനുകളിലെ പാർക്കിംഗ് ഫീസ് ഈടാക്കിയെടുക്കുന്നതിന് സ്വകാര്യ ഏജൻസികളെ ഏൽപ്പിച്ചത് ലാഭകരമായെന്ന് കരുതുന്നുണ്ടോ; എങ്കിൽ എപ്രകാരം; ഇല്ലെങ്കിൽ ഇവർക്ക് നൽകിയിട്ടുള്ള കരാർ അടിയന്തരമായി റദ്ദ് ചെയ്യുമോ; | (എ) | കെ.റ്റി.ഡി.എഫ്.സി സംസ്ഥാനത്ത് ബി.ഒ.ടി. അടിസ്ഥാനത്തിൽ നിർമ്മിച്ചിട്ടുള്ള വിവിധ കെ.എസ്.ആർ.ടി.സി. ബസ് ടെർമിനൽ കോംപ്ലക്സുകളിലെ പാർക്കിംഗ് സംവിധാനത്തിന്റെ നടത്തിപ്പിനുള്ള ലൈസൻസ് നൽകിയിരിക്കുന്നത് ഇ-ടെൻഡർ മുഖേനയാണ്. ഇതിൽ ഏറ്റവും ഉയർന്ന തുക quote ചെയ്യുന്ന വ്യക്തിക്കോ / ഏജൻസികൾക്കോ ആണ് പാർക്കിംഗ് സംവിധാനത്തിന്റെ നടത്തിപ്പിനുള്ള ലൈസൻസ് നൽകുന്നത്. ഈ സംവിധാനം കെ.റ്റി.ഡി.എഫ്.സി.യെ സംബന്ധിച്ച് ലാഭകരമാണ്. പാർക്കിംഗ് സംവിധാനത്തിന്റെ നടത്തിപ്പിനുള്ള ലൈസൻസ് ലഭിച്ച വ്യക്തിയോ / ഏജൻസിയോ ടെൻഡർ നിബന്ധനകളിൽ നിന്നും വ്യതിചലിക്കുകയാണെങ്കിൽ ടി ലൈസൻസ് റദ്ദ് ചെയ്യാനുള്ള അവകാശം കെ.റ്റി.ഡി.എഫ്.സി.യിൽ നിക്ഷിപ്തമാണ്. |
| (ബി) | തിരുവനന്തപുരത്തു നിർമ്മിച്ചിട്ടുള്ള ബസ് സ്റ്റേഷനിലും വാണിജ്യാടിസ്ഥാനത്തിലുള്ള മന്ദിരത്തിലും വാഹനം പാർക്ക് ചെയ്യുമ്പോൾ അനുവദനീയമായ നിശ്ചിത സമയം കഴിഞ്ഞാലുടൻ ഭീമമായ അഡീഷണൽ ചാർജ്ജ് ഈടാക്കുന്ന രീതിക്കെതിരെ എന്തെങ്കിലും നടപടി സ്വീകരിക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;വ്യക്തമാക്കുമോ; | (ബി) | തിരുവനന്തപുരത്തെ തമ്പാനൂർ ബസ് ടെർമിനൽ കോംപ്ലക്സിലെ പാർക്കിംഗ് ഏരിയയിൽ വാഹനം പാർക്ക് ചെയ്യുന്നതിന് നിശ്ചിത ഫീസ് മാത്രമേ ഈടാക്കുവാൻ ലൈസൻസ് എടുത്തിരിക്കുന്ന വ്യക്തിക്കോ / ഏജൻസിക്കോ കരാർ / ടെൻഡർ നിബന്ധനകൾ പ്രകാരം അവകാശമുള്ളു. മാത്രവുമല്ല ഫീസ് നിരക്ക് വ്യക്തമായി കാണുന്ന രീതിയിൽ പ്രദർശിപ്പിക്കുന്നുമുണ്ട്. നിശ്ചിത നിരക്കിനേക്കാൾ കൂടുതൽ ഫീസ് ഈടാക്കുന്നു എന്ന പരാതി ലഭിക്കുന്ന പക്ഷം ലൈസൻസിക്കെതിരെ നടപടി സ്വീകരിക്കുന്നതാണ്. |

| | | | |
|---|---|---|---|
| (സി) | സർക്കാർ ഈ കരാർ നീട്ടിനൽകിയതിന് കാരണമെന്താണ്; ഈ കെട്ടിടത്തിലെ പാർക്കിംഗ് ഫീസ് ഈടാക്കിയെടുക്കുന്നതിനുള്ള കരാർ സ്വകാര്യ കരാറുകാരന് തുടർന്നും നല്കാതെ ഏതെങ്കിലും സർക്കാർ ഏജൻസിക്ക് നൽകാൻ നടപടി സ്വീകരിയ്ക്കുമോ; എങ്കിൽ തീരുമാനം എപ്പോൾ പ്രാവർത്തികമാക്കാനാകുമെന്നറിയിക്കുമോ? | (സി) | തമ്പാനൂർ ബസ് ടെർമിനൽ കോംപ്ലക്സിലെ പാർക്കിംഗ് സംവിധാനം നിലവിൽ ഇ-ടെൻഡർ മുഖേന 15.10.2018 മുതൽ ഒരു വർഷത്തേക്കാണ് ലൈസൻസ് അനുവദിച്ചിരിക്കുന്നത്. ആയതിന്റെ കാലാവധി 14.10.2019-ൽ മാത്രമേ അവസാനിക്കുകയുള്ളൂ. ആയതിന്റെ കാലാവധി നീട്ടി നൽകിയിട്ടില്ല. ഇ-ടെൻഡർ മുഖേന പാർക്കിംഗ് സംവിധാനം അലോട്ട് ചെയ്യുന്നതിനാൽ സർക്കാർ ഏജൻസികൾക്കോ, പൊതുമേഖലാ സ്ഥാപനങ്ങൾക്കോ സ്വകാര്യ വ്യക്തികൾക്കോ ഇ-ടെൻഡറിൽ പങ്കെടുക്കുന്നതിന് യാതൊരു തടസ്സവുമില്ല. പ്രസ്തുത ടെൻഡർ ക്ഷണിക്കുമ്പോൾ പരസ്യം നൽകാറുണ്ട്. ടെൻഡറിൽ പങ്കെടുക്കാൻ താൽപര്യമുള്ള സർക്കാർ ഏജൻസികൾക്ക് ടെൻഡർ പബ്ലിഷ് ചെയ്യുന്ന സമയം രേഖാമൂലം അറിയിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**